നം. CEE/5500/2017/KEAM_2018/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## വിജ്ഞാപനം

# മെഡിക്കൽ & അനുബന്ധ കോഴ്സുകളിൽ പ്രവേശനം നേടുന്നതിനുള്ള സമയം ദീർഘിപ്പിച്ചു

സംസ്ഥാനത്തെ മഴക്കെടുതി മൂലമുണ്ടായിരിക്കുന്ന പ്രത്യേക സാഹചര്യം പരിഗണിച്ച് മെഡിക്കൽ & അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള രണ്ടാം ഘട്ട അലോട്ട്മെന്റിനെ തുടർന്ന് കോളേജുകളിൽ പ്രവേശനം നേടുന്നതിനുള്ള സമയം ദീർഘിപ്പിച്ചു. എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് അതത് കോളേജുകളിൽ പ്രവേശനം നേടുന്നതിനുള്ള സമയം 19.08.2018 (ഞായറാഴ്ച) വൈകുന്നേരം 5 മണിവരെയായി ദീർഘിപ്പിച്ചിട്ടുണ്ട്. ഈ ദിവസം ഓഫീസുകൾ പ്രവർത്തിക്കുന്നതിനായി മെഡിക്കൽ/ദന്തൽ കോളേജുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 19.08.2018 വൈകുന്നേരം 5 മണിയ്ക്ക് മുൻപായി അതത് കോളേജുകളിൽ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ അലോട്ട്മെന്റ് ലഭിച്ച് പ്രവേശനം നേടാൻ സാധിക്കാതെ വരുന്ന വിദ്യാർത്ഥികൾക്ക് 20.08.2018 (തിങ്കളാഴ്ച) **തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജ് കാമ്പസിലുള്ള ഓൾഡ് ഓഡിറ്റോറിയത്തിൽ** അഡ്മിഷൻ എടുക്കുന്നതിന് സൗകര്യം ഉണ്ടായിരിക്കുന്നതാണ്. അഡ്മിഷൻ പ്രക്രിയ പൂർത്തീകരിക്കുന്നതിനായി എല്ലാ മെഡിക്കൽ/ദന്തൽ കോളേജ് അധികാരികളും 20.08.2018 ന് വൈകുന്നേരം 5 മണി വരെ തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജ് കാമ്പസിലുള്ള ഓൾഡ് ഓഡിറ്റോറിയത്തിൽ ഹാജരായിരിക്കുന്നതാണ്. 20.08.2018 വൈകുന്നേരം 5 മണിയ്ക്ക് ശേഷം എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ നിലനിൽക്കുന്ന ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനായുള്ള മോപ്പ്-അപ്പ് കൗൺസലിംഗ് **2018 ആഗസ്റ്റ് 21 ന് തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജ് കാമ്പസിലുള്ള ഓൾഡ് ഓഡിറ്റോറിയത്തിൽ** വച്ച് നടത്തുന്നതാണ്.

മെഡിക്കൽ & അനുബന്ധ കോഴ്സുകളിലെ രണ്ടാം ഘട്ട അലോട്ട്മെന്റിൽ എം.ബി.ബി.എസ്/ബി.ഡി.എസ് ഒഴികെയുള്ള മറ്റ് മെഡിക്കൽ & അനുബന്ധ കോഴ്സുകളിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് അതത് കോഴ്സുകളിൽ/കോളേജുകളിൽ പ്രവേശനം നേടുന്നതിനുള്ള സമയം 2018 ആഗസ്റ്റ് 30 വൈകുന്നേരം 5 മണിവരെയായി ദീർഘിപ്പിച്ചിട്ടുണ്ട്.

എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനുള്ള മോപ്പ്-അപ്പ് കൗൺസലിംഗ് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന വിശദമായ വിജ്ഞാപനം 14.08.2018 ന് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**Help Line Numbers: 0471 2332123, 2339101, 2339102, 2339103, 2339104**

തിരുവനന്തപുരം
16.08.2018

**പ്രവേശന പരീക്ഷാ കമ്മീഷണർ**